# മന്നം മെമ്മോറിയൽ ഹൈസ്കൂൾ
# നരിയമ്പാറ

# അക്കാദമിക മാസ്റ്റർപ്ലാൻ
# 2025-26

— സന്ദേശം —

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ബോധന പ്രക്രിയ നിരവധി ചർച്ചകളിലൂടെയും വിലയിരുത്തലുകളിലൂടെയും ചലമായി മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നൂതന സാങ്കേതികവിദ്യയുടെയും നവീകരിച്ച ക്ലാസ് മുറികളുടെയും ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെയും പിൻബലത്തിൽ വിദ്യാഭ്യാസ വിചക്ഷണന്മാരുടെ സമീപനവും ക്രോഡീകരിച്ചുകൊണ്ട് വിദ്യാഭ്യാസപ്രക്രിയയിൽ പഠന പാഠനത്തിൽ പുത്തൻ ഉണർവ്വ് കൈവരിക്കാൻ സാധിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു.

## ഉള്ളടക്കം


1 ആമുഖം
2 ലക്ഷ്യങ്ങൾ
3 വിദ്യാലയത്തിന്റെ ചരിത്രം
4 അടിസ്ഥാന വിവരങ്ങൾ
5 അവസ്ഥാ വിശകലനം
6 ഒരു നോട്ടത്തിൽ (പ്രവർത്തനങ്ങൾ)
7 പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികവിശകലനം)
8 പ്രതീക്ഷിതനേട്ടങ്ങൾ
9 മോണിട്ടറിംഗ്
10. ഉപസംഹാരം


അനുബന്ധം


1. മികവുകൾ നേട്ടങ്ങൾ
2. കുട്ടികളുടെ എണ്ണം - സ്റ്റാഫ് എണ്ണം
3 എസ് എസ് കെ / ആർ എം എസ് എ പദ്ധതിക്കായി തയ്യാറാക്കിയ വിവിധ പടികകൾ
4 നിലവിലുള്ള കമ്മിറ്റികൾ

## ആമുഖം

ഒരു വ്യക്തിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ വിചക്ഷണന്മാരും പണ്ഡിതന്മാരും വിദ്യാഭ്യാസ പദ്ധതിയെക്കുറിച്ചും പരിവർത്തനങ്ങളെപ്പറ്റിയും കാലാകാലങ്ങളിൽ ചിന്തിക്കുകയും പരീക്ഷണങ്ങൾ നടത്തിയും വിശകലനം ചെയ്തും വിദ്യാഭ്യാസരീതിയിൽ അഴിച്ചുപണി നടത്താറുണ്ട്.

വേദകാലഘട്ടം മുതൽ തനതായ വിദ്യാഭ്യാസരീതി നിലനിന്നിരുന്ന രാഷ്ട്രമായിരുന്നു ഭാരതം. വിദ്യാഭ്യാസത്തിനായി ഗുരുകുല സമ്പ്രദായം പ്രചരിച്ചിരുന്ന ഈ നാട്ടിൽ ഭരണകർത്താക്കളുടെയും പ്രജകളുടെയും നിർലോഭമായ പിന്തുണ എന്നും ലഭിച്ചിരുന്നു. ഗുരുദക്ഷിണ കൊടുക്കാൻ തന്റെ സമ്പത്തുനല്കിയ രഘുമഹാരാജാവിന്റെ കഥ ഇതിന് ഉത്തമ ഉദാഹരണമാണ്.

പതിനായിരക്കണക്കിന് വിദ്യാർത്ഥികളും ആയിരത്തിലധികം അദ്ധ്യാപകരും താമസിച്ച് പഠിച്ചിരുന്ന നളന്ദ, തക്ഷശില പോലുള്ള സർവ്വകലാശാലകൾ ലോകത്തിനുതന്നെ മാതൃകയായിരുന്നു. അന്ന് നിലവിൽ ഉണ്ടായിരുന്ന വിദ്യാഭ്യാസ രീതി, പഠനപാഠന ബോധന സമ്പ്രദായം അഥിതി ബോധ ആചരണ പ്രചാരണ മാർഗ്ഗങ്ങൾ മറ്റുള്ള ലോകത്തിന് ദിശാസൂചികകൾ ആയിരുന്നു.

ബ്രിട്ടീഷ് കോളനിവാഴ്ചക്കാലത്ത് ഉണ്ടായ വിദ്യാഭ്യാസ പരിഷ്കരണത്തിലൂടെ നൂതനമായ രീതി ആവിഷ്കരിച്ചു. ഇംഗ്ലീഷ് മാധ്യമത്തിലൂന്നി മാതൃഭാഷയിലൂടെ പഠനസമ്പ്രദായം നിലവിൽ വന്നു. ലോകത്തിൽ ഏറ്റവും മികച്ചതെന്ന് വിലയിരുത്തപ്പെടുന്ന നിലവാരങ്ങൾ പരീക്ഷിക്കപ്പെട്ടു. വിവിധ ബോർഡുകൾക്ക് കീഴെ പരീക്ഷകളും വിദ്യാലയങ്ങളും പ്രവർത്തിച്ചുതുടങ്ങി. സാമ്പത്തികമായി മെച്ചപ്പെട്ടു നില്ക്കുന്നവരുടെയും പിന്നോക്കം നില്ക്കുന്നവരുടെയും പല രീതിയിൽ വിദ്യാലയങ്ങൾ വേർതിരിക്കപ്പെട്ടു. നൂതനമെന്ന ചർച്ചയും തോന്നലും ജനങ്ങൾക്ക് ആശങ്കക്ക് ഇടനല്കി.

എല്ലാ മേഖലയിലുംപെട്ടവർക്ക് ലോകോത്തര നിലവാരത്തിൽ വിദ്യാഭ്യാസം നടത്തുന്നതിന് വേണ്ടി പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തിന് ഊന്നൽ കൊടുക്കുന്ന സമയം ആഗതമായിരിക്കുന്നു. വിദ്യാഭ്യാസ അവകാശസംരക്ഷണ യജ്ഞത്തിലൂടെ സർക്കാരിന്റെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ വിദ്യാഭ്യാസ പുരോഗതിക്കായി കൈകോർക്കുന്ന പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നു. ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ അന്തർദേശീയ തലത്തിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന നിത്യനൂതനങ്ങളായ പഠന സാമഗ്രികളുടെ പിന്തുണയോടെ കണ്ടും കേട്ടും സ്വായത്തമാക്കാൻ തരത്തിൽ പഠന-പാഠന സമ്പ്രദായം നമുക്കും നടപ്പിലാക്കാം. ലോകം ഒരു കുടക്കീഴിൽ പല രീതിയിൽ വിദ്യാഭ്യാസ രീതി അനുവർത്തിക്കാം. പുതിയ ആവിഷ്കാരങ്ങളും തന്ത്രങ്ങളും ബോധനരീതികളും അധ്യാപകർക്കും കുട്ടികൾക്കും, രക്ഷകർത്താക്കൾക്കും നാടിനും പ്രയോജനമാവട്ടെ.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ സമൂഹത്തിൽ തികച്ചും ഗുണമേന്മയായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണം നിർവഹിപ്പിക്കുക.

3. എൽ കെ ജി മുതൽ പത്താംക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതി-ക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി-ക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

4. അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

## ചരിത്രം

ഹൈറേഞ്ചിന്റെ വിദ്യാഭ്യാസമേഖലയിൽ നാഴികക്കല്ലായി 1-6-1955 ൽ ശ്രീ വണ്ടക്കൻ ഭാസ്കരക്കുറുപ്പിന്റെ ഉടമസ്ഥതയിൽ മന്നം മെമ്മോറിയൽ എൽ. പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1-6-1957 ൽ യു. പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. 1961 ജൂൺ മാസം 10-ാം തിയതി ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പട്ടം എ. താണുപിള്ള സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സെക്കന്ററി വിദ്യാഭ്യാസം ലക്ഷ്യമിട്ട് 1-6-1966ൽ ഹൈസ്കൂൾ വിഭാഗം പ്രവർത്തനം തുടങ്ങി. 1969 ൽ ബഹു വിദ്യുച്ഛക്തി മന്ത്രി ശ്രീ. എം. എൻ ഗോവിന്ദൻ നായർ ഹൈസ്കൂൾ ഉദ്ഘാടനം ചെയ്തു. പ്രവർത്തനമികവുകളുടെ തിളക്കങ്ങൾക്കിടയിൽ 1981 ൽ സ്കൂളിന്റെ രജതജൂബിലിയും 2004-ൽ സുവർണ്ണജൂബിലിയും 2014 ൽ വജ്രജൂബിലിയും ആഘോഷിച്ചു. മികവുറ്റ പ്രവർത്തനങ്ങളുമായി സ്കൂൾ പ്രയാണം തുടരുന്നു.

## പരിസ്ഥിതി (വിശകലനം)

ശബ്ദ കോലാഹലങ്ങൾ ഇല്ലാത്ത തീർത്തും ഗ്രാമീണ മേഖലയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. വാഹന സൗകര്യം തീർത്തും പരിമിതമായ പ്രദേശമാണിത്. പ്രധാന റോഡിൽ നിന്നും രണ്ടര കിലോമീറ്റർ ഉള്ളിലായാണ് സ്കൂൾ അന്തരീക്ഷം ഭൂരിഭാഗം രക്ഷിതാക്കളും തോട്ടം മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഇതിൽ ചെറിയ പങ്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണ്. ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബ പശ്ചാത്തലത്തിൽ നിന്നുമുള്ള കുട്ടികളും ധാരാളമുണ്ട്. കൈത്തൊഴിൽ പോലും വശമില്ലാത്ത ആദിവാസി മേഖലയിൽ നിന്നുള്ള കുട്ടികളും ധാരാളമുണ്ട്.

സ്കൂളിന്റെ ദൈനംദിനപുരോഗതിയിൽ രക്ഷകർത്താക്കളോടൊപ്പം പൂർവ്വ വിദ്യാർത്ഥികളുടെ സേവന സഹകരണങ്ങളും ലഭ്യമാണ്. സുഗമമായ യാത്രാസൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് നാല് സ്കൂൾ ബസുകൾ നിലവിൽ ഉണ്ട്. പരിസ്ഥിതി സൗഹൃദപഠനാന്തരീക്ഷം സ്കൂൾ നിലനിർത്തുന്നു. വിജ്ഞാനത്തോടൊപ്പം വിനോദപ്രദവുമായ പഠന യാത്രകൾ സ്കൂൾ എല്ലാ വർഷവും നടത്തി വരുന്നു.

കാലത്തിന്റെ മാറ്റത്തിനൊപ്പം മാറുന്ന പഠനാന്തരീക്ഷം സജ്ജമാക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് സ്കൂൾ അന്തരീക്ഷം. എല്ലാ ക്ലാസ്സ്മുറികളും ടൈൽ ഇട്ട് ഭംഗിയാക്കുക, കുട്ടികളുടെ വിരൽത്തുമ്പിലൂടെ ലോകത്തെ കൈപ്പിടിയിലൊതുക്കുവാൻ പ്രാപ്തരാക്കുന്ന വിധം എല്ലാ ക്ലാസ്സ്മുറികളും ഐ.ടി അധിഷ്ഠിതമാക്കുക, പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക,

സ്കൂൾ അസംബ്ലി ഗ്രൗണ്ട് റൂഫിംഗ് നടത്തുക തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സ്കൂൾ ലക്ഷ്യമിടുന്നു.

കായികമേഖലയിൽ മികച്ച മുന്നേറ്റങ്ങൾ ലക്ഷ്യമിട്ട് ഗ്രൗണ്ടിന്റെ നവീകരണപ്രവർത്തനങ്ങൾ നടന്നു വരുന്നു. നെറ്റ് ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ, ലോങ്ങ് ജംപ്, ഹൈജംപ് തുടങ്ങി എല്ലാ കായിക പ്രവർത്തനങ്ങളിലും മികച്ച പരിശീലനം നൽകുന്നതിനുള്ള സജ്ജീകരണങ്ങൾ നടന്നു വരുന്നു.

സ്കൂൾ പരിസരം തീർത്തും പ്ലാസ്റ്റിക് നിരോധിതവും ലഹരിവിമുക്തവുമായ അന്തരീക്ഷത്തിലാണ് സ്ഥിതി ചെയ്യുന്നത്. മികച്ച ഉച്ചഭക്ഷണ പരിപാടിയോടൊപ്പം തന്നെ ശുദ്ധജലവിതരണസംവിധാനവും സ്കൂളിനുണ്ട്. സൗകര്യപ്രദമായ ശുചിത്വമുള്ള ടോയ്‌ലറ്റ് നിലവിൽ ഉണ്ട്. കലാ-കായിക, ശാസ്ത്ര, പ്രവൃത്തിപരിചയ മേഖലകളിൽ സ്കൂളിന്റെ സാന്നിധ്യം നിറഞ്ഞു നിൽക്കുന്നു.

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : മന്നം മെമ്മോറിയൽ ഹൈസ്കൂൾ നരിയംപാറ, ഇടുക്കി - 685511 |
| ഫോൺ | : |
| സ്കൂൾ കോഡ് | : 30016 |
| വിദ്യാഭ്യാസ ജില്ല | : കട്ടപ്പന |
| വിദ്യാഭ്യാസ ഉപജില്ല | : കട്ടപ്പന |
| റവന്യൂ ജില്ല | : ഇടുക്കി |
| ബി.ആർ.സി | : കട്ടപ്പന |
| സി.ആർ.സി | : കാഞ്ചിയാർ |
| ഗ്രാമപഞ്ചായത്ത് | : കാഞ്ചിയാർ |
| ബ്ലോക്ക് പഞ്ചായത്ത് | : കട്ടപ്പന |
| ജില്ലാപഞ്ചായത്ത് | : ഇടുക്കി |
| നിയമസഭാമണ്ഡലം | : ഇടുക്കി |
| ലോകസഭാമണ്ഡലം | : ഇടുക്കി |
| താലൂക്ക് | : ഇടുക്കി |
| വില്ലേജ് | : കാഞ്ചിയാർ |
| ഇ മെയിൽ | : mmhsnariampara@gmail.com |

| ക്ലാസ് | No. of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലീം | | | *മറ്റ് ന്യൂനപക്ഷ വിഭാഗം | | | ഒ. ബി. സി | | | ജനറൽ | | | ബി. പി. എൽ | | | എ. പി. എൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 2 | 15 | 22 | 37 | 4 | 2 | 6 | 0 | 0 | 0 | 0 | 0 | 0 | 3 | 2 | 5 | 5 | 11 | 16 | 3 | 7 | 10 | 9 | 13 | 22 | 6 | 9 | 15 |
| 2 | 2 | 29 | 20 | 49 | 4 | 2 | 6 | 0 | 0 | 0 | 1 | 0 | 1 | 4 | 2 | 8 | 10 | 18 | 28 | 10 | 6 | 16 | 9 | 9 | 18 | 20 | 11 | 31 |
| 3 | 2 | 24 | 21 | 45 | 2 | 4 | 6 | 0 | 1 | 1 | 1 | 0 | 1 | 5 | 0 | 5 | 10 | 11 | 21 | 6 | 5 | 11 | 12 | 14 | 26 | 12 | 7 | 19 |
| 4 | 2 | 20 | 23 | 43 | 3 | 0 | 3 | 1 | 0 | 1 | 0 | 0 | 0 | 5 | 9 | 14 | 8 | 10 | 18 | 5 | 4 | 9 | 10 | 14 | 24 | 10 | 8 | 18 |
| 5 | 3 | 30 | 33 | 63 | 4 | 4 | 8 | 0 | 1 | 1 | 0 | 0 | 0 | 6 | 7 | 13 | 16 | 13 | 29 | 4 | 8 | 12 | 16 | 13 | 29 | 14 | 20 | 34 |
| 6 | 3 | 40 | 33 | 73 | 4 | 4 | 8 | 0 | 0 | 0 | 0 | 0 | 0 | 13 | 10 | 23 | 17 | 11 | 28 | 6 | 8 | 14 | 16 | 13 | 29 | 24 | 20 | 44 |
| 7 | 3 | 31 | 43 | 74 | 1 | 7 | 8 | 2 | 0 | 2 | 1 | 0 | 1 | 3 | 10 | 13 | 19 | 18 | 37 | 5 | 8 | 13 | 12 | 17 | 29 | 19 | 26 | 45 |
| 8 | 3 | 40 | 36 | 76 | 2 | 5 | 7 | 1 | 0 | 1 | 0 | 0 | 0 | 11 | 9 | 20 | 20 | 15 | 35 | 6 | 7 | 13 | 17 | 15 | 32 | 23 | 21 | 44 |
| 9 | 4 | 51 | 48 | 99 | 6 | 4 | 10 | 1 | 0 | 1 | 0 | 0 | 0 | 9 | 8 | 17 | 24 | 28 | 52 | 11 | 8 | 19 | 22 | 16 | 38 | 29 | 32 | 61 |
| 10 | 3 | 47 | 43 | 90 | 4 | 2 | 6 | 0 | 3 | 3 | 0 | 1 | 1 | 11 | 4 | 15 | 26 | 25 | 51 | 6 | 9 | 15 | 17 | 13 | 30 | 30 | 30 | 60 |
| ആകെ | | 327 | 323 | 648 | 34 | 34 | 68 | 5 | 4 | 9 | 3 | 1 | 4 | 70 | 61 | 131 | 153 | 152 | 305 | 62 | 70 | 132 | 140 | 137 | 277 | 187 | 185 | 372 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 0 | 0 | 0 | 15 | 22 | 37 | 0 | 0 | 0 | 0 | 0 | 0 | 15 | 22 | 37 |
| 2 | 0 | 0 | 0 | 29 | 20 | 49 | 0 | 0 | 0 | 0 | 0 | 0 | 29 | 20 | 49 |
| 3 | 0 | 0 | 0 | 24 | 21 | 45 | 0 | 0 | 0 | 0 | 0 | 0 | 24 | 21 | 45 |

## സ്റ്റാഫ് അംഗങ്ങൾ

KG, L.P, U.P, H.S. വിഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ഈ സ്കൂളിൽ അധ്യാപകരും (H.M ഉൾപ്പെടെ) അനധ്യാപകരും പ്രീ പ്രൈമറി വിഭാഗത്തിൽ 2 അധ്യാപകരും 1 ആയയും സേവനം അനുഷ്ഠിച്ചുവരുന്നു.

| | വിഭാഗം | സ്റ്റാഫ് |
|---|---|---|
| 1 | ഹൈസ്കൂൾ | 15 |
| 2 | യു.പി. | 9 |
| 3 | എൽ.പി. | 8 |
| 4 | കെ.ജി | 3 |
| 5 | | |

# അവസ്ഥാ വിശകലനം

## ഭൗതിക സൗകര്യങ്ങൾ.

### 1. ക്ലാസ് റൂമുകൾ.

സ്കൂളിൽ ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകൾ പ്രവർത്തിക്കുന്നതിനായി 30 ക്ലാസ് മുറികൾ ഉണ്ട്. പക്ഷേ ഇവ എല്ലാം ഓഫീസ് കെട്ടിടത്തിൽ നിന്നകന്ന് പലയിടങ്ങളിലായാണ് സ്ഥിതിചെയ്യുന്നത്. അവയെ ഒരു കെട്ടിട സമുച്ചയത്തിലേക്ക് ക്രമീകരിക്കേണ്ടതുണ്ട്. നിലവിലുള്ള 20 ക്ലാസ്സ് മുറികൾ Tile ഇട്ട് സ്മാർട്ടാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. കൂടുതൽ ക്ലാസ് റൂമുകൾ സ്മാർട്ടാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

### 2. ലാബ്.

സയൻസ് ലാബ് നിലവിൽ സുഗമമായി പ്രവർത്തിച്ചു വരുന്നു. എന്നാൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നതിനും ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും ചിട്ടപ്പെടുത്തി വയ്ക്കുന്നതിനും, പഠനം സുഗമമാക്കുന്നതിനും ആവശ്യമായ പ്രത്യേക മുറികൾ ആവശ്യമാണ്. പ്രസ്തുത വിഷയങ്ങൾക്ക് ഉപയോഗപ്രദമായ വിധത്തിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ലാബുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തി വരുന്നു.

3. ലൈബ്രറി.

സ്കൂളിന് ആയിരക്കണക്കിന് പുസ്തകങ്ങളുള്ള മികച്ച ഒരു ലൈബ്രറി ഉണ്ട്. എന്നാൽ കുട്ടികളുടെ ആവശ്യാനുസരിച്ച് സൗകര്യപ്രദമായി ഇരുന്നു വായിക്കുന്നതിനും കുറിപ്പുകൾ തയാറാക്കുന്നതിനും ആവശ്യമായ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ വായനാമുറി ആവശ്യമാണ്.

4. IT ലാബ്

ഉപയോഗപ്രദമായ മുപ്പതോളം കമ്പ്യൂട്ടറുകൾ അടങ്ങിയ IT ലാബ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ക്ലാസിലുള്ള ഓരോ കുട്ടിക്കും യഥേഷ്ടം കൈകാര്യം ചെയ്യാൻ കഴിയത്തക്ക വിധം കമ്പ്യൂട്ടറും അനുബന്ധ സൗകര്യങ്ങളുമുള്ള ലാബ് ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഇനി കൂടുതലായി L.P. വിഭാഗം കുട്ടികൾക്ക് പഠനത്തിനാവശ്യമായ കമ്പ്യൂട്ടറുകൾ ആവശ്യമാണ്.

5. ഉച്ചഭക്ഷണം.

നിലവിൽ വൃത്തിയും വെടിപ്പുമുള്ള അടുക്കള, സ്റ്റോർ റൂം, പാചകത്തിനാവശ്യമായ പാത്രങ്ങൾ, ഗ്യാസ് കണക്ഷൻ എന്നിവയുണ്ട്. ശുദ്ധജലം ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങളുണ്ട്

6. ടോയ്‌ലെറ്റുകൾ.

നിലവിലെ സാഹചര്യത്തിൽ കുട്ടികളുടെ എണ്ണത്തിനാനുപാതികമായി ടോയ്‌ലറ്റ് സൗകര്യമുണ്ട്. എന്നാൽ ഇത് പര്യാപ്തമല്ല. ആധുനിക സംവിധാനങ്ങളോടുകൂടിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്ന മുറയ്ക്ക് ടോയ്‌ലറ്റുകൾ ഒരു കെട്ടിടത്തിൽ തന്നെ ക്രമീകരിക്കേണ്ടതുണ്ട്.

7. ജൈവ വൈവിധ്യ ഉദ്യാനം.

വിവിധ വൃക്ഷലതാദികളുടെ പരിസ്ഥിതി സൗഹൃദ അന്തരീക്ഷമാണ് നിലവിലുള്ളത്. സ്കൂളിന്റെ പരിസരത്ത് ജൈവ വൈവിധ്യ ഉദ്യാനം ഒരുക്കിയിട്ടുണ്ട്. ഈ ഉദ്യാനത്തിൽ കൂടുതൽ വൃക്ഷലതാദികൾ ഉൾപ്പെടുത്തി വിപുലീകരിക്കേണ്ടതുണ്ട്.

8. കൗൺസിലിംഗ്, റിസോഴ്സ് റൂം.

സ്കൂളിൽ കൗൺസിലിംഗ്, റിസോഴ്സ് ടീച്ചറുടെ സേവനം ലഭ്യമാകുന്നുണ്ട്. എന്നാൽ അധ്യാപകർ തന്നെ ആവശ്യമായ സമയത്ത് കുട്ടികൾക്ക് കൗൺസിലിംഗ് കൊടുക്കുന്നു.

9. കളിസ്ഥലം

കായിക പരിശീലനത്തിനാവശ്യമായ വിപുലമായ സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം സജ്ജമാക്കിയിട്ടു

# സ്കൂൾ വ്യത്യസ്തസാഹചര്യം

ഹൈറേഞ്ചിലെ കുടിയേറ്റമേഖലകളിൽ ഒന്നായ കട്ടപ്പനയിലെ നരിയംപാറ എന്ന സുന്ദരമായ കൊച്ചുഗ്രാമത്തിലാണ് മന്നം മെമ്മോറിയൽ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്.

കുടിയേറ്റ കർഷകരുടേയും തോട്ടം തൊഴിലാളികളുടേയും മക്കൾക്ക് അക്ഷരജ്ഞാനം നൽകുക എന്ന ഉത്കൃഷ്ടലക്ഷ്യത്തോടെ 1955ൽ ശ്രീ. വണ്ടക്കൽ ഭാസ്കരക്കുറുപ്പ് സ്ഥാപിച്ചതാണ് മന്നം മെമ്മോറിയൽ സ്കൂൾ. പ്രാരംഭഘട്ടത്തിൽ എൽ.പി വിഭാഗം മാത്രമായി ആരംഭിച്ച സ്കൂൾ ഇന്ന് ഹൈസ്കൂൾ വിഭാഗം വരെ ഉയർത്തപ്പെട്ടിരിക്കുന്നു. നിരവധി കുരുന്നുകൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകി പ്രയാണം തുടർന്നു കൊണ്ടേയിരിക്കുന്നു.

മോശമായ കുടുംബാന്തരീക്ഷം മൂലം പഠിക്കാൻ സാഹചര്യം ഇല്ലാത്ത കുട്ടികൾക്ക് പഠനപിന്തുണ നൽകുന്നതിൽ സ്കൂൾ പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി രാവിലെയും വൈകുന്നേരങ്ങളിലുമായി പ്രത്യേക ക്ലാസുകൾ നൽകി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങളും യാത്രാസൗകര്യവും സൗജന്യമായി നൽകി വരുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നുണ്ട്. എല്ലാ ക്ലാസുകളിലും പത്രങ്ങൾ ലഭ്യമാക്കി വായനയെ പ്രോത്സാഹിപ്പിക്കുന്നു. വായനാമൂല, വായനാക്കുറി, വായനാക്കാർഡുകൾ എന്നിവ എല്ലാ ക്ലാസ്മുറികളിലും പ്രയോജനപ്പെടുത്തുന്നു. എല്ലാ കുട്ടികളുടെയും വീടുകളിൽ വ്യക്തിഗതലൈബ്രറികൾ ഒരുക്കിക്കൊടുക്കുവാനുള്ള പ്രവർത്തനങ്ങൾ ഭാവിയിൽ നടപ്പിലാക്കുന്നതാണ്.

കലാ - കായിക മേഖലകളിൽ പ്രാവീണ്യവും താത്പര്യവുമുള്ള കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകി വരുന്നു. IAS, IPS തുടങ്ങി ഉയർന്ന പദവികളിലേക്ക് നമ്മുടെ കൊച്ചുഗ്രാമത്തിലെ കുട്ടികളെ കൈപിടിച്ചു കയറ്റുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ മന്നം കരിയർ അക്കാദമി പ്രവർത്തനം നടത്തി വരുന്നു.

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം | • ചുറ്റുമതിൽ, ഗേറ്റ് | • പി ടി എ ശക്തിപ്പെടുത്തൽ |
| • ഇംഗ്ലീഷ് പഠന വികസനം | • കളിസ്ഥലം | |
| • ശാസ്ത്രപോഷിണി പരിപാടി | • ചിൽഡ്രൻസ് പാർക്ക് | • വിദ്യാലയ വികസന സമിതി |
| • ഗണിത പഠന വികസനം | • ക്ലാസ് മുറികൾ | • പൂർവ്വവിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം |
| • വായനാ പരിപോഷണം | • ഓഫീസ് മുറി | |
| • ലൈബ്രറി ശാക്തീകരണം | • സ്റ്റാഫ് മുറി | • ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ-സംഘടനകൾ, വിദ്യാഭ്യാസപ്രവർത്തകർ, പൂർവ്വാധ്യാപകർ സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ. |
| • ലൈബ്രറി ആധുനികവൽക്കരണം | • വിശ്രമമുറി | |
| • നാടകക്കളരി | • കമ്പ്യൂട്ടർ ലാബ് | |
| • ജൈവവൈവിധ്യ പാർക്ക് | • മൾട്ടിമീഡിയ ലാബ്<br>• ലൈബ്രറി | |
| • സാഹിത്യപോഷിണി പരിപാടികൾ | • അടുക്കള | |
| • പഠനയാത്രകൾ | • ഡൈനിംഗ് ഹാൾ | |
| • സെമിനാറുകൾ | • അസംബ്ലി ഹാൾ | |
| • കലാകായികമേള | • കുടിവെള്ള വിതരണം | |
| • ഐ ടി പരിശീലനം | • മാലിന്യ സംസ്കരണം | |
| • അദ്ധ്യാപക ശാക്തീകരണ പരിപാടി | • ടോയ്‌ലറ്റ്<br>• ലബോറട്ടറി | • വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ |
| • പ്രവർത്തി പരിചയ പഠനം | • ജന്മദിനത്തിനൊരു പുസ്തകം | |
| • പച്ചക്കറിത്തോട്ടം | • ചിത്ര രചന | • അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം |
| • രചന ശില്പശാല | • കൃഷിത്തോട്ടം | |

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • അഭിമുഖങ്ങൾ<br>• പോഷകാഹാര പദ്ധതി<br>• ശില്പശാല<br>• ഒറിഗാമി ശില്പശാല<br>• ഗണിത ലാബ്<br>• ഭാഷാ ലാബ്<br>• ദിനാചരണം<br>• കായികപഠനം<br>• ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ<br>• വാർത്താ ചാനൽ | • ഭാഷോത്സവം<br>• ഗണിതോത്സവം<br>• മെഡിക്കൽ ക്യാമ്പ് | • പ്രാദേശിക പിടിഎ<br>• ഭവന സന്ദർശനം |

# അക്കാദമിക നിലവാരം

## എൽ. പി. തലം

L.P. തലത്തിൽ 90% കുട്ടികളും എഴുത്തും വായനയും സ്വായത്തമാക്കിയവരും അതിനനുസൃതമായ പഠനനേട്ടങ്ങൾ ഉറപ്പിച്ചവരുമാണ്. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കുകയും ആവശ്യമായ സാമഗ്രികൾ ഒരുക്കുകയും ചെയ്തു പോരുന്നു.

വായനാ ശേഷി വളർത്താനായി ക്ലാസ് വായനാ കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന ഇവ ചെയ്തു പോരുന്നു.

ഭാഷാപഠനത്തിന്റെ ഭാഗമായി വിവിധ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാനുള്ള അവസരം നൽകി പോരുന്നു.

## യു.പി. തലം

യു.പി വിഭാഗത്തിൽ പാഠ്യപാഠ്യേതര രംഗങ്ങളിൽ കുട്ടികളെ മികവിലേക്കെത്തിക്കാൻ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളിൽ എഴുത്തും വായനയും ഉറപ്പിക്കുന്നതിനു വേണ്ടി പ്രത്യേകം ക്ലാസ്സുകൾ നടത്തി വരുന്നു. കലാ-കായിക രംഗങ്ങളിൽ പ്രത്യേകം കഴിവും താത്പര്യവുമുള്ള കുട്ടികൾക്കായി പ്രത്യേകം പരിശീലനം നടത്തി വരുന്നു. USS സ്കോളർഷിപ്പ് പരീക്ഷക്കു വേണ്ടി കുട്ടികളെ തയ്യാറാക്കുന്നതിന വേണ്ടി സ്കൂൾ തുറക്കുമ്പോൾ മുതൽ തന്നെ ടൈംടേബിൾ പ്രകാരം പ്രത്യേക ക്ലാസ്സുകൾ എല്ലാ ദിവസവും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കുട്ടികളുടെ പാഠ്യ-പാഠ്യേതര രംഗങ്ങളിലുള്ള മികവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകി വരുന്നു.

## ഹൈസ്കൂൾ തലം

കഴിഞ്ഞ കുറെ വർഷങ്ങളിൽ സ്കൂളിന് SSLC ക്ക് 100% വിജയം ഉറപ്പാക്കാൻ കഴിഞ്ഞു. A+ കാരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. 8, 9 ക്ലാസ്സുകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ്സുകൾ നടത്തിവരുന്നു. 10-ാം ക്ലാസ്സിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് രാവിലെയും വൈകുന്നേരവും പ്രത്യേക ക്ലാസ്സുകൾ നടത്തി വരുന്നു.

# ഉച്ചഭക്ഷണം

## കുട്ടികൾക്കായി രുചികരവും

വൃത്തിയുള്ള ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായി ശുചിത്വമുള്ള ജലവിതരണ സൗകര്യത്തോടുകൂടിയ പാചകപ്പുര നിലവിൽ ഉണ്ട്.

ഉച്ചഭക്ഷണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഭക്ഷണവിതരണത്തിന് അനുയോജ്യമായ രീതിയിലുള്ള സ്റ്റീൽ പാത്രങ്ങൾ, ഗ്ലാസ്സുകൾ കുട്ടികൾക്ക് നൽകി വരുന്നു. ഭക്ഷണ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഓരോ ക്ലാസ്സിലേയ്ക്കും പ്രത്യേക പാത്രങ്ങൾ വാങ്ങിച്ചു. കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള ഒരു ഹാൾ നിർമ്മിക്കുന്നതിനായി P.T.A. ആലോചിച്ചു വരുന്നു.

ഉച്ചഭക്ഷണ പരിപാടിയിൽ ചോറിനോടൊപ്പം, സാമ്പാർ, പുളിശ്ശേരി, എരിശ്ശേരി, കടല, പയർ, തോരൻ, അച്ചാർ, ഇഞ്ചി, തൈര് തുടങ്ങിയ വിഭവങ്ങൾ നല്കി വരുന്നു.

ഇതിനോടനുബന്ധിച്ച് ആഴ്ചയിൽ രണ്ട് ദിവസം മുട്ടയും പാലും നല്കിവരുന്നു. വരും വർഷങ്ങളിൽ സ്കൂളിൽ നിന്നുമുള്ള പച്ചക്കറികൾ മാത്രം ഉച്ചഭക്ഷണത്തിനായി ലഭിക്കണം എന്ന ഉദ്ദേശ്യത്തോടെ, കൂടുതൽ വിപുലീകരണമെന്ന തീരുമാനം എടുത്തു കഴിഞ്ഞു.

ഉച്ചഭക്ഷണശാലയുടെ നവീകരണത്തോടൊപ്പം കഴിഞ്ഞ കുറേ കാലങ്ങളായി പി.ടി.എ. യിലും ഉയർന്നുവന്ന 'സോളാർ അടുപ്പ്' എന്ന ആശയത്തിന്റെ ആവിഷ്കാരത്തിനായുള്ള ശ്രമങ്ങൾ പുരോഗമിച്ചു വരുന്നു.

# പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം

അധ്യാപകർ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിൽ തീവ്ര ശ്രദ്ധ പുലർത്തി വരുന്നു. ഈ കുട്ടികൾക്ക് പരമാവധി ചികിത്സാ സഹായം എത്തിച്ചു കൊടുക്കുന്നതിൽ സ്കൂൾ ജീവനക്കാർ ജാഗരൂകരാണ്. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് ക്ലാസ് മുറികളിൽ പ്രഥമ പരിഗണന നൽകി വരുന്നു.

പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കി അവർക്കായി ഒരു സ്വയം സഹായ സംഘം സ്കൂളിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. സംഘത്തിനോടനുബന്ധിച്ച് തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി ആഭരണ നിർമ്മാണം, തയ്യൽ, പേപ്പർ നിർമ്മാണം തുടങ്ങിയവയിൽ കുട്ടികളുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് വരും വർഷങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു.

ഈ വിഭാഗത്തിൽ പെടുന്ന കുട്ടികളുടെ സാമ്പത്തിക ഉന്നമനത്തിനായി ആശംസാ കാർഡുകൾ, സോപ്പുകൾ തുടങ്ങിയവ നിർമ്മിച്ച് വിപണനം നടത്തുന്നതിലൂടെ ലഭ്യമാകുന്ന വരുമാനം ഉപയോഗപ്പെടുത്തി വരുന്നു.

എല്ലാ വ്യാഴാഴ്ചകളിലും കുട്ടികൾ അധികമായി ചിലവഴിക്കുന്ന തുക സ്വന്തം താത്പര്യാർത്ഥം അവർ തന്നെ സ്വരൂപിച്ച് നിർധനരും അശരണരുമായ ജനങ്ങൾക്ക് സഹായം നൽകി വരുന്നു. ഇങ്ങനെ ലഭ്യമാകുന്ന തുകയിലൂടെ ക്യാൻസർ, സിറോസിസ് തുടങ്ങിയ രോഗങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരിൽ സഹായമെത്തിക്കാൻ കുട്ടികൾക്കും കഴിഞ്ഞു വരുന്നു.

തൂവൽ സ്പർശം പദ്ധതിയിലൂടെ സഹായമാവശ്യമായവർക്ക് വീൽചെയർ, വാക്കർ, വാട്ടർ ബെഡുകൾ തുടങ്ങിയ ഉപകരണങ്ങൾ

വിതരണം ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായി കട്ടപ്പന താലൂക്കാശുപത്രിയുമായി ചേർന്ന് കൂടുതൽ ഉപകരണങ്ങൾ കണ്ടെത്താനുള്ള ശ്രമത്തിലാണ് സ്കൂൾ അധികൃതർ.

സമൂഹത്തിലെ ഭിന്നശേഷിക്കാർക്ക് കൈത്താങ്ങാകുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളിൽ ഒന്നാം മെമ്മോറിയൽ മുന്നിട്ടു നിൽക്കുന്നു. അടിസ്ഥാനാവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ സമൂഹത്തിലെ ഭിന്നശേഷിക്കാർക്കായി ഒരുക്കി നൽകാറുണ്ട്.

പ്രവർത്തനം 1.

പേര് : ചുറ്റുമതിൽ      ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ക്യാമ്പസ് സുരക്ഷിതമാക്കൽ | സ്കൂളിനു ചുറ്റും മതിൽ കെട്ടി സംരക്ഷിക്കുക | ഒരു വർഷം | പി.ടി.എ. | 20 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം 2

പേര് : കവാടം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ | ആകർഷണീയമായ വിധത്തിൽ സ്കൂൾ കവാടം സജ്ജമാക്കൽ | ഒരു വർഷം. | പി.ടി.എ. | 2 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം : 3. പുതിയ മന്ദിരം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം കാര്യക്ഷമമാക്കുക | ആധുനിക സൗകര്യത്തോടു കൂടിയ പുതിയ സ്കൂൾ മന്ദിരം. | രണ്ടു വർഷം | പി.ടി.എ. | 1 കോടി (MLA ഫണ്ട്) പൂർവ്വ വിദ്യാർത്ഥികൾ |

പ്രവർത്തനം 4

പേര് അസംബ്ലി ഗ്രൗണ്ട്. ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുടങ്ങാതെ അസംബ്ലി നടത്തുക. | മഴക്കാലത്തും കഠിനമായ വെയിലത്തും സുഖപ്രദമായി അസംബ്ലി ചേരുവാൻ സൗകര്യമൊരുക്കുക. | ഒരു വർഷം. | പി.ടി.എ. | 20 ലക്ഷം. (ജില്ലാ പഞ്ചായത്ത്) പൂർവ്വ വിദ്യാർത്ഥികൾ. |

പ്രവർത്തനം 5

പേര് കിഡ്സ് പാർക്ക്. ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | കിഡ്സ് പാർക്ക് ഒരുക്കൽ. | 1 വർഷം. | പി.ടി.എ. | 4 ലക്ഷം. [M.L.A. fund.] |

പ്രവർത്തനം 6. ബയോഗ്യാസ് പ്ലാന്റ്. ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ. | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ. | 2 ലക്ഷം. [MLA fund. |

പ്രവർത്തനം : 7

പേര് പണിയായുധങ്ങൾ. ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കൃഷി, അടുക്കളപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, കൃഷി തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ (പണിയായുധങ്ങൾ) | 6 മാസം | പി.ടി.എ സ്റ്റാഫ് സെക്രട്ടറി | 10000 (പി.ടി.എ) |

പ്രവർത്തനം : 8

പേര് സൗരോർജ്ജ പാനൽ ഭൗതികം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗപ്പെടുത്തൽ | ഓഡിറ്റോറിയത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ. | 2 വർഷം. | പി.ടി.എ. | 10 ലക്ഷം. (പി.ടി.എ) |

പ്രവർത്തനം : 9

നീന്തൽ കുളം : മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ജലലഭ്യത, സ്ഥലവിസ്തൃതി എന്നിവ പരിഗണിച്ച് നീന്തൽ കുളം നിർമ്മിക്കൽ | 1 വർഷം | PET അധ്യാപകൻ PTA പഞ്ചായത്ത് | 40 ലക്ഷം |

പ്രവർത്തനം : 10.

കുടിവെള്ളം കൂടുതൽ ലഭ്യമാക്കൽ. മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം ഇവ എല്ലാ ടാങ്കുകളിലും എത്തുന്നതിനുള്ള ക്രമീകരണം. | 8 മാസം | PTA. | 200000 (പഞ്ചായത്ത്) |

പ്രവർത്തനം : 10.

പേര് : ഗവേഷണ പ്രോജക്ടുകൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിലെത്തുന്നവർ കണ്ടെത്തുന്നതിനും കൂടുതൽ വികസിപ്പിക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | * പഠന പിന്നോക്കാവസ്ഥയുള്ളവർക്കുള്ള പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ. * സർവ്വേ, പ്രോജക്ടുകൾ എന്നിവ നടത്തി മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ. | വർഷത്തിൽ ഒന്നുവീതം | SRG PTA M.P.TA. | |

പ്രവർത്തനം : 11

ഡൈനിംഗ് ഹാൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വ ആരോഗ്യ പഠനം. | സൗകര്യപ്രദമായ സ്ഥലത്ത് ആധുനിക രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം | PTA പഞ്ചായത്ത് | |

പ്രവർത്തനം : 12.

യോഗ പരിശീലന കേന്ദ്രം : ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ. | * വായുസഞ്ചാരമുള്ള ഒരു മുറി. * ആവശ്യമായ ഉപകരണങ്ങൾ | ആഴ്ചയിൽ മൂന്നു വീതം. | PTA Staff. | |

പ്രവർത്തനം : 13.

സ്കൂൾ കലണ്ടർ

മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവെക്കൽ. | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളും പ്രധാന ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കു കുട്ടികൾക്കും നൽകൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | SRG. PTA. |

പ്രവർത്തനം : 14

പേര് : സ്റ്റാഫ് റൂം, ഓഫീസ് നിർമ്മാണം.

| | | | | |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം. | കുട്ടികളെ ആകർഷിക്കുവാൻ കഴിയുന്ന വിധത്തിൽ ആധുനിക സൗകര്യങ്ങളോടെയുള്ള റൂമുകൾ. | ഒരു വർഷ. | PTA. | |

# ശുചിത്വം.

ശുചിത്വ ക്ലബ്ബിന്റെയും മറ്റ് ക്ലാസുകളുടെയും ആഭിമുഖ്യത്തിൽ കുട്ടികളും അധ്യാപകരും, P.T.A പ്രതിനിധികളുടെയും മറ്റും പങ്കാളിത്തത്തോടെ സ്കൂളും പരിസരവും ആഴ്ച തോറും ശുചിയാക്കി വരുന്നു.

സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന്റെ ഭാഗമായി ഇ-മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും വേർതിരിച്ച് ശേഖരിച്ച് നിർമാർജ്ജനം ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായി സ്കൂളിലെ കുട്ടികളും അധ്യാപകരും പ്ലാസ്റ്റിക് നിർമിത ഉല്പന്നങ്ങൾ ഒഴിവാക്കി.

അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ പേപ്പർ ക്യാരി ബാഗുകൾ നിർമ്മിക്കുകയും അവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്തു വരുന്നു. എല്ലാ ക്ലാസ്സ് മുറികളിലും വരാന്തകളിലും ഉച്ചഭക്ഷണ ശാലയോടനുബന്ധിച്ചും വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യങ്ങൾ അതിൽ നിക്ഷേപിക്കാൻ കുട്ടികളെ

ബോധവാന്മാരാക്കി കുട്ടികൾ അതു കൃത്യമായി ചെയ്തു വരുന്നു.

# കുടിവെള്ളം

ജല സംരക്ഷണത്തിന്റെ ഭാഗമായി നിർമ്മിച്ച കുളത്തിലെ ജലം ശുദ്ധീകരിച്ച് കുടിവെള്ള പദ്ധതിക്കായി ഉപയോഗിച്ച് വരുന്നു. ഇതിന്റെ ഭാഗമായി കുളം ശുദ്ധീകരിച്ച് വൃത്തിയാക്കി. ശുദ്ധജല ഉപയോഗത്തിനായി കിണർ നിർമ്മിക്കുവാനും. അതോടൊപ്പം തന്നെ മഴവെള്ള സംഭരണി എന്ന ആശയവും വരും വർഷങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

കുടിവെള്ള വിതരണത്തിനായി L.P, U.P, H.S വിഭാഗങ്ങൾക്ക് പ്രത്യേകമായി സജ്ജീകരിച്ചിരിക്കുന്ന ടാപ്പുകൾ ഉണ്ട്. വരും കാലങ്ങളിൽ ശുദ്ധജല വിതരണം ക്ലാസ്സുകളിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. സ്കൂൾ കെട്ടിടങ്ങളിൽ പതിക്കുന്ന ജലം പൈപ്പ് വഴി സ്കൂൾ കുളത്തിൽ എത്തിച്ച് ജല സംരക്ഷണം ഉറപ്പു വരുത്തുന്നു.

# ലൈബ്രറി

കുട്ടികളുടെ വായനാശേഷി വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന ധാരാളം പദ്ധതികൾ ലൈബ്രറിയുടെ നേതൃത്വത്തിൽ നടത്തുന്നു. പത്രമാധ്യമങ്ങളുമായി സഹകരിച്ച് വായനാപദ്ധതികൾ നടത്തി വരുന്നു. വായനാ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ക്ലാസ്മുറികളിലും പത്രം ലഭ്യമാക്കിയിട്ടുണ്ട്. എൽ.കെ.ജി, യു.കെ.ജി വിഭാഗങ്ങൾക്ക് അനുയോജ്യമായ പ്രസിദ്ധീകരണങ്ങളും ആനുകാലികങ്ങളും സ്കൂളിൽ ലഭ്യമാകുന്നു. ക്ലാസ്മുറികളിൽ വായനാമൂലകൾ സജ്ജീവമാണ്. കുട്ടികളുടെ വായനാശേഷി വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതികൾ സഹായകമാകുന്നുണ്ട്. ക്ലാസ് ലൈബ്രേറിയൻമാരുടെ ചുമതലയിലാണ് പുസ്തകങ്ങളുടെ വിതരണം ക്രമീകരിച്ചിരിക്കുന്നത്.

കുട്ടികളുടെ മത്സരപ്പരീക്ഷകൾക്ക് സജ്ജരാകുന്നതിന് മന്നം കരിയർ അക്കാദമിയോട് സഹകരിച്ച് സ്കൂൾ ലൈബ്രറി പ്രവർത്തിക്കുന്നു. പൊതുവിജ്ഞാനം, മെന്റൽ എബിലിറ്റി, ഗണിതശാസ്ത്രം, ഇംഗ്ലീഷ് അഭിരുചികൾ വർദ്ധിപ്പിക്കുന്നതിനുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ സാധ്യമാക്കുന്നുണ്ട്. വിപുലമായ ലൈബ്രറി സംവിധാനങ്ങളും വായനാ ഹാളും ഒരുക്കുന്നതിന് കൂടുതൽ റാക്കുകളും അലമാരകളും ഒരുക്കുന്നതിന് പരിശ്രമിക്കുന്നു.

# പഠനവും പഠനയാത്രകളും

പഠനയാത്രകൾ പഠനം അനുഭവമാക്കാനുള്ളതാണെന്ന തിരിച്ചറിവാണ് പഠനയാത്രകളിലൂടെ ലക്ഷ്യമാക്കുന്നത്. കൃത്യമായ ആസൂത്രണത്തോടെ കെ.ജി വിഭാഗം മുതൽ ഹൈസ്കൂൾ വിഭാഗംവരെ ഓരോ തലത്തിലും പ്രത്യേകം പഠനയാത്രകൾ നടപ്പിലാക്കി വരുന്നു.

## ലക്ഷ്യങ്ങൾ

* ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തുക.
* നാടിന്റെ ചരിത്രവും സാംസ്കാരികപൈതൃകവും അറിയുന്നതിന് കുട്ടികളെ സഹായിക്കുക.
* കൃഷി, തൊഴിലുകൾ എന്നിവയോട് ആഭിമുഖ്യം വളർത്തുക.
* കൗതുകം, വിജ്ഞാനം, നിരീക്ഷണം, എന്നിവയെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുക.

## പ്രവർത്തന പദ്ധതികൾ

## മലയാളം.

പ്രവർത്തനം I

പേര് : പുസ്തകം എന്റെ ചങ്ങാതി.

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ, ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം | മലയാളം അധ്യാപകർ. | |
| പ്രവർത്തനം 2<br>പേര് : എന്റെ പിറന്നാൾ പുസ്തകം.<br>ഉപമേഖല : വായന.<br>ലക്ഷ്യം<br>മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു.<br>• പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം 3.

പേര് : ഉച്ചഭാഷിണി വായന.

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ. | |

പ്രവർത്തനം 4

പേര് : അക്ഷരക്കൂട്ടം. [വായനാകോർണർ.]

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ് മുറികളിലും പ്രത്യേക | ജൂൺ-മാർച്ച് | സ്കൂൾ ലൈബ്രറി കമ്മറ്റി. | |
| | വായനാ കോർണർ ഒരുക്കുന്നു. | | | |

പ്രവർത്തനം 5

പേര് : ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ.

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോമാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്‌തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ. | എല്ലാ മാസവും. | ക്ലാസ് ടീച്ചർ. |

പ്രവർത്തനം 6

പേര് : ക്ലാസ്സ് തല പതിപ്പുകൾ.

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്‌തല പതിപ്പുകൾ ഒരുക്കൽ. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ. |

പ്രവർത്തനം : 7

പേര് : എന്റെ വായനാ കുറിപ്പുകൾ.

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| എല്ലാ കുട്ടികളെയും അർത്ഥം പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാകുറിപ്പ് തയ്യാറാക്കൽ. [ചെറിയ ക്ലാസിൽ വായനാകാർഡ്.] വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | |

പ്രവർത്തനം : 8

പേര് : കയ്യെഴുത്ത് മാസികകൾ, പ്രിന്റഡ് മാഗസിൻ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല |
| --- | --- | --- | --- |
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ. [ചുമർ ചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്.] | ഓരോ ടേമിലും | വിദ്യാരംഗം ഭാഷാക്ലബ്ബ് |

പ്രവർത്തനം 9.

പേര് : രചനോത്സവം.

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റി എഴുതൽ. | ജൂൺ മുതൽ മാർച്ച് വരെ. | ഭാഷാ ക്ലബ്ബ്. |

പ്രവർത്തനം 10.

പേര് : സർഗ്ഗവേള.

ഉപമേഖല : പ്രകാശനവേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. (ചെറിയ ക്ലാസ്സിൽ വായനാകാർഡ്) വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ. | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 ART.

| പ്രവർത്തനം | കാലയളവ് | നടത്തിപ്പ് ചുമതല | ധനവിനിയോഗം | നേട്ടങ്ങൾ (ലക്ഷ്യങ്ങൾ) |
|---|---|---|---|---|
| 1) കുട്ടികളുടെ കലാപരമായ സർഗ്ഗാത്മകശേഷി വർധിപ്പിക്കുന്നതോടൊപ്പം ശാരീരികവും മാനസികവുമായ മികവും കുട്ടികളുടെ എല്ലാ വശങ്ങളുമുള്ള പരിശീലനത്തിലൂടെ സമഗ്ര വികസനം എന്നിവ പ്രത്യേകം പരിശീലനത്തിലൂടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. മാനസിക ഉല്ലാസം കിട്ടുന്ന കലാപരമായ പ്രവർത്തനങ്ങൾ. "Arts Club" | ജൂൺ മുതൽ സെപ്റ്റംബർ വരെ | ആർട്ട് ടീച്ചർ | പി.ടി.എ. | ഓരോ കുട്ടിയെയും ഒരു വ്യക്തിയായി പരിഗണിക്കുന്നു. കുട്ടികളുടെ സമഗ്രമായ വികസനം, കുട്ടികളുടെ വൈകാരികമായ നേട്ടങ്ങൾ, കുട്ടികളുടെ സാമൂഹികപരമായ വികസനം (സാമൂഹ്യ വിഷയങ്ങൾക്കെതിരെ ശബ്ദിക്കാനുള്ള കഴിവ് ആർജ്ജിക്കുന്നു etc...) വൈകാരികമായ വികസനം. സാമൂഹ്യ മേഖലയിൽ കുട്ടി അനുഭവിക്കുന്ന വിഷമങ്ങളും പോരായ്മകളും തിരിച്ചറിയുന്നു. കൂട്ടുകാരുമായുള്ള ബന്ധം, സാമൂഹ്യ ഇടപെടൽ, ശേഷി വളർത്തുന്നു, കൂട്ടായ പ്രവർത്തനങ്ങളിലെ പങ്കാളിത്തം. |
| 2) സബ്ജില്ല മുതൽ സംസ്ഥാനതലം വരെയുള്ള കലാമത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള കുട്ടികളുടെ വിജയങ്ങളുടെ വിലയിരുത്തൽ, തെരഞ്ഞെടുപ്പ്. മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ കുട്ടികളുടെ പങ്കാളിത്തം. | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | ആർട്ട് ടീച്ചർ | പി.ടി.എ, മാനേജ്മെന്റ് & സ്റ്റാഫ്. | ആരോഗ്യകരമായ മത്സരങ്ങളിൽ പങ്കെടുക്കുകയും സമൂഹത്തിൽ നിന്നുള്ള അഭിനന്ദനങ്ങൾ മെച്ചപ്പെട്ട കലാപ്രവർത്തനത്തിലേക്ക് അവരെ നയിക്കുന്നു. "പഠനത്തിനൊപ്പം" എല്ലാ പ്രവർത്തനങ്ങളിലും മികവ് തെളിയിക്കുവാൻ സാധിക്കുന്നു. |

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനാഗമന ഉറവിടം | ലക്ഷ്യങ്ങൾ. |
| --- | --- | --- | --- | --- |
| 3) ഭാഷാപരമായ പുരോഗതിയിലേക്കും കൂടാതെ കുട്ടികളുടെ വികസിപ്പിക്കുന്നു. സാമൂഹ്യ സാംസ്കാരിക മേഖലകളിൽ കുട്ടി നേരിടുന്ന വിഷയങ്ങൾ, പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ എന്നിവ മനസ്സിലാക്കുന്നു. പ്രവർത്തിക്കുന്നു.<br>'പഠനപിന്നോക്കത്തിനെതിരെയുള്ള കൂട്ടായ പ്രവർത്തനം (eg:- ഒരു ഗാനം ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്നു)<br>പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവരുടെ കഴിവിനനുസരിച്ച് പ്രവർത്തനങ്ങൾ നൽകുന്നു. | ഡിസംബർ മുതൽ മാർച്ച് വരെ.<br>അക്കാദമിക് വർഷം | ക്ലാസ് ടീച്ചർ | പിടിഎ | കുട്ടികളുടെ അക്കാദമിക് സാമൂഹിക വൈകാരിക മേഖലകളിലെ സമഗ്ര വികാസം ലക്ഷ്യമിടുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നു.<br>ഒരു കുട്ടിയുടെ ഉന്നമനത്തിലുള്ള സഹപ്രവർത്തനത്തിന് അധ്യാപകരുടെയും, രക്ഷിതാക്കളുടെയും വിദ്യാലയത്തിന്റെയും, കൂട്ടായ ചിന്തകൾ ആവശ്യമാണ്.<br>നിരന്തര മൂല്യനിർണ്ണയം നടത്തുന്നതിന് ഒരു കുട്ടിയുടെ സർവ്വതോമുഖമായ ഉന്നമനത്തിന് സഹായിക്കുന്നു. |

മന്നം മെമ്മോറിയൽ ഹൈ സ്കൂൾ ഫിസിക്കൽ എജ്യൂക്കേഷൻ മാസ്റ്റർ പ്ലാൻ

ദർശനം

സംഘടിതവും ഉൾക്കൊള്ളുന്നതുമായ ശാരീരിക വിദ്യാഭ്യാസ പരിപാടികളുടെ വഴി ജീവിതപര്യന്തം ഫിറ്റ്നസ്, മൂല്യങ്ങൾ, ടീംവർക്ക് എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന, ശാരീരികമായി വിദ്യാഭ്യാസം ലഭിച്ച ആരോഗ്യപരമായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുക.

---

ലക്ഷ്യങ്ങൾ

എല്ലാ വിദ്യാർത്ഥികൾക്കും ദൈനംദിന ശാരീരിക പ്രവർത്തനം ഉറപ്പാക്കുക

ശാരീരിക ക്ഷമത, ചലനനൈപുണ്യം, മാനസിക ആരോഗ്യം എന്നിവ പ്രോത്സാഹിപ്പിക്കുക

പാരമ്പര്യവും ആധുനികവുമായ കായികം പരിചയപ്പെടുത്തുക

ടീംവർക്ക്, നേതൃപാട്, കായിക മൂല്യങ്ങൾ വളർത്തുക

കളികളിലൂടെ സ്പോർട്സ് പ്രതിഭ കണ്ടെത്തി വളർത്തുക

ആഴ്ചതോറുമുള്ള സമയ വകഭേദം (SCERT മാനദണ്ഡപ്രകാരം)

UP - 135 MIN/WEEK 3*45
HS - 2*45 / WEEK

പാഠ്യവിഷയ ഘടകങ്ങൾ

A. ഫിറ്റ്നസ് പ്രവർത്തികൾ:

വോർമപ്പ്, കൂൾഡൗൺ, ആണറോബിക്/ഏറോബിക് വ്യായാമം

B. അടിസ്ഥാന ചലന നൈപുണികൾ:

നടപ്പ്, ചാടൽ, തള്ളൽ, പിടി, കിക്ക്, തോളാൾ

C. കായികവും കളികളും:

പാരമ്പര്യം: കബഡി, ഖോ-ഖോ, കളരി

ആധുനികം: വോളിബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, അത്ലറ്റിക്സ്

D. ആരോഗ്യ വിദ്യാഭ്യാസം:

പോഷണം, വ്യക്തിഗത ശുചിത്വം, ഫസ്റ്റ് എയ്ഡ്, യോഗ

E. മൂല്യങ്ങൾ:

ടീമ്വർക്ക്, കായികശീലങ്ങൾ, പങ്കാളിത്തം, സമത്വം

---

തലented നേർച്ചവും തിരിച്ചറിയലും

വാർഷിക സ്കൂൾ സ്പോർട്സ് മീറ്റ്

ഇന്റർഹൗസ്/ഇന്റർ സ്കൂൾ മത്സരങ്ങൾ

സ്കൂൾ ടീം രൂപീകരണം

മുത്തൂറ്റ് VOLLEYBALL അക്കാദമി സഹകരണം

---

സൗകര്യങ്ങൾ

കുറഞ്ഞത്: കളിസ്ഥലം, വോളിബോൾ കോർട്ട്

ആഗ്രഹനീയമായത്: മൾട്ടി-സ്പോർട്സ് കോർട്ട്, യോഗ മുറി

ഉപകരണ രജിസ്റ്റർ, വാർഷിക പരിപാലന പദ്ധതി

---

മൂല്യനിർണയം

ഫിറ്റ്നസ് ടെസ്റ്റുകൾ (പ്രായാനുസൃതം)

മത്സരങ്ങളിലും ടീം പ്രവർത്തനങ്ങളിലും പങ്കാളിത്തം

പെരുമാറ്റം, നെറിട്ട സമീപനം

നേട്ടങ്ങളുടെ രേഖ (പട്ടിക)

ഇൻക്ലൂഷൻ നയം

പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കായി മോഡിഫൈഡ് ആക്ടിവിറ്റികൾ

എല്ലാ ലൈംഗികവിഭാഗങ്ങൾക്കും സമാന പങ്കാളിത്തം

ടീം & വ്യക്തിഗത താല്പര്യാനുസൃത പ്രകടനമിടങ്ങൾ

---

ശിക്ഷക പരിശീലനം

പിഇ അധ്യാപകർക്കായി വാർഷിക ഇൻസർവീസ് പരിശീലനം

പഞ്ചായത്ത്, സ്പോർട്സ് ക്ലബ്ബുകൾ എന്നിവയുമായി സഹകരണം

അതിഥി പരിശീലകരെ ക്ഷണിക്കുക

---

മറ്റു വിഷയങ്ങളുമായുള്ള ഇണചേരൽ

ഗണിതം: അളവുകൾ, കോണുകൾ

ശാസ്ത്രം: ശരീര ഘടന, അവയുടെ പ്രവർത്തനം

ചരിത്രം: പാരമ്പര്യ ഗെയിമുകളുടെ പാരമ്പര്യം

## മേഖല: അക്കാദമികം - ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും പഠിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷാ പഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വീഡിയോ സഹായത്തോടെ ഉച്ചാരണം കൃത്യമായി പരിചയപ്പെടുത്തുന്നു. | [illegible] ജൂൺ - ജൂലൈ |
| ആഴ്ചയുടെ [illegible] [illegible] എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്ന കാർഡുകൾ | | |

| മേഖല - സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക-വിശകലനം |
| 1) അന്വേഷണാത്മകരീതിയിലൂടെ ശാസ്ത്രജ്ഞാനം നിർമ്മിക്കുന്ന-പാടവം കുട്ടികളിൽ പരിപോഷിപ്പിക്കുക | ലാബ് സന്ദർശിക്കുന്ന സഹപാഠികൾക്ക് ഇൻഫീൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികൾ മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക-വർഷം | സയൻസ്-അധ്യാപകർ | പി.ടി.എ. |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക-വർഷം | സയൻസ്-അധ്യാപകർ | |
| | ക്ലാസ്സുകളിൽ ലഘു പ്രോജക്ടുകൾ കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക-വർഷം | സയൻസ്-അധ്യാപകർ | പി.ടി.എ. |
| 2) ശാസ്ത്രീയ മനോഭാവം: നിരന്തരമായി അന്വേഷണം നടത്താനും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള ശേഷി നേടിയെടുക്കുന്നു | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമികവർഷം | സയൻസ്-അധ്യാപകർ | സയൻസ്-ക്ലബ് |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക-വർഷം। | സയൻസ്-അധ്യാപകർ | സയൻസ്-ക്ലബ് |
| | ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക-വർഷം। | സയൻസ്-അധ്യാപകർ | സയൻസ്ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക-വിശകലനം |
|---|---|---|---|---|
| 3) [illegible] വിദ്യാർത്ഥികളിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം. | അക്കാദമിക-വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക-വർഷം | സയൻസ്-അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) ആരോഗ്യശീല പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യശീലം നിരീക്ഷിക്കുന്നു. | അക്കാദമിക-വർഷം. | സയൻസ്-അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | നാടൻ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കാൻ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കാൻ | അക്കാദമിക-വർഷം. | ആരോഗ്യക്ലബ് ഇക്കോക്ലബ് | കൃഷിവകുപ്പ് |
| 5) ജൈവജ്ഞാനിക ബോധവൽക്കരണം. | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത-ക്യാമ്പസ് | | | |
| അന്വേഷണ ബുദ്ധി വർദ്ധിപ്പിക്കാൻ. നേരറിവ് നേടൽ. | ചുറ്റുപാടുകൾ സാങ്കേതിക വിദ്യയുപയോഗിച്ച് കണ്ടുപിടുത്തങ്ങളും പരിചയപ്പെടുത്തുന്നു. | അക്കാദമിക-വർഷം | സയൻസ്-ക്ലബ് | രക്ഷിതാക്കൾ |
| | സംസ്ഥാന, ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ്-ക്ലബ് | മാനേജ്മെന്റ് |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| • ആശയ ധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ |
| • നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാല |
| • ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | കുട്ടികളെ ബോധ്യപ്പെടുത്തുന്നു. |
| • ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. |
| • ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഉജ്ജ്വലത കൈവരിക്കൽ, Quiz മത്സരങ്ങൾ പ്രദർശനങ്ങൾ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ |
| ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ |
| അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയക്ലാസ് മുതലുള്ള തുടർ-പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിദ്യാ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പഠനാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. |

Sub: ENGLISH.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. |
|---|---|
| * English ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English class<br>English Library.<br>English Assembly |
| * English ഭാഷാ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Role play,<br>English Day ആചരണം<br>Seminar. |
| * സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | അക്ഷര കാർഡ്, പദകാർഡ്, വാക്യ നിർമ്മാണത്തിനുള്ള card, ചിത്രവായന, ലഘുനിർമ്മാണം.<br>പത്രവായന,<br>ഡയറി, Assembly<br>News Reading |
| * കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | കവിതാ രചന, ആലാപന മത്സരങ്ങൾ നടത്തുന്നു<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു |
| * നാടകീകരണം. | * English Assembly, Skit, English Lab<br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Skit, കഥാപ്രസംഗം അവതരണം |

## വിഷയം : സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| * പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് Field trip സംഘടിപ്പിക്കുന്നു |
| * മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക.<br>* സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | സർവ്വേ, project ചർച്ചകൾ, സംവാദം, അഭിമുഖങ്ങൾ, എന്നിവയിലൂടെ പ്രവർത്തനങ്ങൾ നടത്തുന്നു. |

| സാമൂഹ്യ പ്രശ്നം | ലഘുവിവരണം |
|---|---|
| * മാലിന്യ സംസ്കരണം. | സ്കൂൾ പരിസരത്തുള്ള മാലിന്യ സംസ്കരണം. സ്കൂളിനോടു ചേർന്ന് കുടിവെള്ള ക്ഷാമം ഉണ്ട്<br>പ്രവർത്തനകാലാവധി. June- March.<br>ചുമതല - S.S. teacher. പഞ്ചായത്ത്, P.T.A,<br>പിന്തുണ<br>സന്നദ്ധ സംഘടനകൾ, പഞ്ചായത്ത് കമ്മിറ്റികൾ, പൂർവ്വ വിദ്യാർത്ഥികൾ. |

| * തൊഴിൽ സാധ്യതാ പ്രവർത്തനങ്ങൾ | ലഘുവിവരണം. |
|---|---|
| Book Binding, തയ്യൽ, പച്ചക്കറി കൃഷി. | Book Binding-ന് കുട്ടികളെ പ്രാപ്തരാക്കുന്നു. * വസ്ത്രങ്ങൾ സ്വന്തമായി തയ്ച്ച് എടുക്കാൻ പ്രത്യേക പരിശീലനം നൽകുന്നു. പ്രവർത്തന കാലാവധി 8 മാസം ചുമതല S.S teachers. സാമ്പത്തിക സ്രോതസ്സ് PTA, പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ |
| പച്ചക്കറി കൃഷി. | * കുട്ടികൾക്ക് കൃഷിയുമായി ബന്ധപ്പെട്ട Class നൽകുന്നു. * സ്വന്തമായി കൃഷി ചെയ്ത് വിളവ് ഉല്പാദനം. [illegible] പിന്തുണ: പഞ്ചായത്ത് കൃഷിഭവൻ, P.T.A. |

# വാർഷിക പദ്ധതി

# 2025 - 2026

| ക്രമ നം: | തീയതി/ദിവസം | | പ്രവർത്തനങ്ങൾ | ചുമതല. |
|---|---|---|---|---|
| 1 | 27-05-25 | SRG യോഗം. | എൽ. പി, യു. പി. തലങ്ങളിൽ SRG കൺവീനർമാരെ തിരഞ്ഞെടുത്തു. പൊതു കൺവീനറായി Money. p. Mohanan-ടീച്ചറെ തെരഞ്ഞെടുത്തു. സ്കൂൾ സുരക്ഷാ ക്ലബ്ബ്, സ്കൂൾ മാനേജ്മെന്റ് സിസ്റ്റം, വിവിധ ക്ലബ്ബുകൾ, സബ്ജക്ട് കൗൺസിൽ സ്കൂൾ ബസ്, ഉച്ചഭക്ഷണ പദ്ധതി, പാഠപുസ്തക വിതരണം, കലോത്സവം, കായിക മേള ഇവയുടെ ചുമതലകൾ അധ്യാപകർക്ക് കൈമാറി. പ്രവേശനോത്സവ ചുമതലകൾ കൈമാറി. SPC, JRC, Scout & Guides, Little kite ഇവയുടെ ചുമതല അതാത് അധ്യാപകർക്ക് നൽകി | |

| | | | | |
|---|---|---|---|---|
| 2 | 31-5-25 | | പ്രവേശനോത്സവ മുന്നൊരുക്കങ്ങൾ | SRG, PTA |
| 3. | 02-6-25 | പ്രവേശനോത്സവം.<br>ഉച്ചഭക്ഷണ പദ്ധതി ആരംഭം. | > മധുരം, ബലൂൺ ഇവ നൽകി നവാഗതരെ സ്വീകരിക്കൽ | SRG. PTA. |
| 4 | 05-06-25 | ലോക പരിസ്ഥിതിദിനം | > പരിസ്ഥിതി ദിന സന്ദേശം<br>> പോസ്റ്റർ രചനാമത്സരം.<br>> പരിസ്ഥിതി സംരക്ഷണം അവബോധം<br>> SPC കേഡറ്റുകളുടെ നേതൃത്വത്തിൽ വൃക്ഷത്തൈ വിതരണം. | പരിസ്ഥിതി ക്ലബ് |
| 5. | 06-06-25 | ഉള്ളൂർ ജന്മദിനം. | * ഉള്ളൂർ കൃതികൾ പരിചയപ്പെടുത്തൽ.<br>* ഉള്ളൂർ കവിതകൾ ആലാപനം. | വിദ്യാരംഗം. |
| 6. | 10-6-25 | ആറാം പ്രവൃത്തി ദിനം | * കുട്ടികളുടെ കണക്കെടുപ്പ്. | |

| | | | | |
|---|---|---|---|---|
| 7 | 11.06.25 | സബ്ജക്ട് കൗൺസിൽ (വിവിധ വിഷയങ്ങൾ L.P, U.P, H.S] | • ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലുള്ള വിദ്യാലയങ്ങളിലെ പ്രധാനാധ്യാപകരുടെ യോഗം | |
| 8 | 12-06-25 | SPC, Scout & Guide JRC യൂണിറ്റ് രൂപീകരണം. | സ്കൂൾതല ദിനാഘോഷ സ്റ്റിയറിംഗ് കമ്മറ്റി രൂപീകരണം. | L.P, U.P, H.S വിഭാഗങ്ങളിലെ ചുമതലയുള്ള അധ്യാപകർ. |
| 9. | 14-06-25 | ലോകരക്ത ദാന ദിനം.<br>ശാസ്ത്ര, സാമൂഹ്യശാസ്ത്ര, IT, ഗണിത ലിറ്ററി ക്ലബ്ബുകളുടെ രൂപീകരണം | രക്തദാനത്തിന്റെ പ്രാധാന്യം.<br>• ബോധവത്കരണ ക്ലാസ്.<br>• രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് | ഹെൽത്ത് ക്ലബ്ബ്<br>JRC<br>Scout & Guides. |
| 10. | 19-06-25 | • വായനാ ദിനം<br>• വിവിധ ക്ലബ്ബുകളുടെ രൂപീകരണം<br>• വിദ്യാരംഗം - സർഗ്ഗവേള. | > സ്കൂൾ അസംബ്ലി<br>> പുസ്തക പരിചയം<br>> പി. എൻ. പണിക്കർ അനുസ്മരണം.<br>• വായനാ മത്സരം<br>• വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനം. | |

| | | | | |
|---|---|---|---|---|
| 11 | 21-06-25 | • യോഗാദിനം • L.S.S U.S.S നവോദയ, ന്യൂമാറ്റ്സ് പരിശീലനം ആരംഭം. | > യോഗയുടെ പ്രാധാന്യം ബോധവത്കരണ ക്ലാസ്സ് > യോഗാ പരിശീലനം | യോഗാ ക്ലബ്ബ് |
| 12 | 21-06-25 | സംഗീതദിനം | > സംഗീത പരിശീലനം സംഗീത ക്ലബ്ബ് രൂപീകരണം | കലാധ്യാപകർ. |
| 13 | 26-06-25 | മയക്കുമരുന്ന് വിരുദ്ധദിനം | > മയക്കുമരുന്നിനെതിരെ ബോധവത്കരണ ക്ലാസ്. > സന്ദേശം > മയക്കുമരുന്ന് വിരുദ്ധറാലി. > പ്രതിജ്ഞ | > ലഹരിവിരുദ്ധ ക്ലബ്ബ്. |
| 14 | 27-06-25 | SRG മീറ്റിംഗ് P.T.A ജനറൽ ബോഡി. | | |

| | | | |
|---|---|---|---|
| 01.07.25 | വനമഹോത്സവ ദിനം | മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതിന്റെ പ്രാധാന്യം - ക്ലാസ്<br>- ആരോഗ്യത്താചനം - സെമിനാർ<br>- നക്ഷത്രവനം - പുനരുദ്ധാരണം<br>- വൃക്ഷത്തൈ വിതരണം - ക്ലബ് അംഗങ്ങൾക്ക് | പരിസ്ഥിതി ക്ലബ് |
| 11.07.25 | ലോകജനസംഖ്യാ ദിനം | - ഉപന്യാസ മത്സരം<br>- ക്വിസ്<br>- ക്ലാസ് | സോഷ്യൽസയൻസ് ക്ലബ് |
| 17.07.25 | ജോസഫ് മുണ്ടശ്ശേരി ദിനം | → മുണ്ടശ്ശേരി - വ്യക്തിപരിചയം<br>→ സർഗ്ഗവേള - വിദ്യാരംഗം | വിദ്യാരംഗം<br>സാമൂഹ്യശാസ്ത്ര ക്ലബ് |
| 21.07.25 | ചാന്ദ്രദിനം | → ക്വിസ്<br>→ പോസ്റ്റർ രചന<br>→ റോക്കറ്റ് നിർമ്മാണം<br>→ പ്രദർശനം - ചാന്ദ്രപര്യവേക്ഷണങ്ങൾ | ശാസ്ത്രക്ലബ് |

| | | | |
|---|---|---|---|
| 28.07.25 | പ്രകൃതിസംരക്ഷണ ദിനം | → പ്രകൃതിസംരക്ഷണ പ്രതിജ്ഞ<br>→ പോസ്റ്റർ രചന<br>→ പ്രകൃതിസംരക്ഷണം – ബോധവൽക്കരണ ക്ലാസ് | പരിസ്ഥിതി ക്ലബ് |
| 30.07.25 | SRG യോഗം | | |
| 31.07.25 | സ്കൂൾ കലോത്സവം | കലാമത്സരങ്ങൾ | LP, UP, HS വിഭാഗങ്ങൾ |

| | | | |
|---|---|---|---|
| 06-08-25 | ഹിരോഷിമ ദിനം | > അസംബ്ലി.<br>> യുദ്ധവിരുദ്ധ പ്രതിജ്ഞ.<br>> ബോധവൽക്കരണ ക്ലാസ്.<br>> ക്വിസ്<br>> പോസ്റ്റർ രചന<br>> യുദ്ധവിരുദ്ധ റാലി. | ശാസ്ത്ര ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്. |
| 15-08-25 | സ്വാതന്ത്ര്യ ദിനം | > പതാക ഉയർത്തൽ<br>> SPC, Scout & Guide യൂണിറ്റുകളുടെ നേതൃത്വത്തിൽ പരേഡ്.<br>> റാലി.<br>> മധുര പലഹാര വിതരണം.<br>> വിവിധ മത്സരങ്ങൾ നടത്തുന്നു | സോഷ്യൽ സയൻസ് ക്ലബ് |
| 17-08-25 [ഞായർ ആയതിനാൽ 18-08-25-ൽ] | കർഷക ദിനം. | * കുട്ടി കർഷകരെ തെരഞ്ഞെടുത്ത് ആദരിക്കൽ.<br>* നമ്മുടെ പഞ്ചായത്തിലെ മികച്ച കർഷകനെ കണ്ടെത്തി ആദരിക്കൽ. | വിദ്യാരംഗം. |

| | | | |
|---|---|---|---|
| 19-08-25 | S.R.G. യോഗം | പാദവാർഷിക പരീക്ഷ. | |
| 22-08-25 | സംസ്കൃത ദിനം | > സെമിനാർ<br>> ക്വിസ്.<br>> പദകേളി.<br>> വായന | സംസ്കൃതം കൗൺസിൽ. |
| 28-08-25 | അയ്യങ്കാളി ജയന്തി | > ക്വിസ്<br>> പരിചയപ്പെടുത്തൽ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 29-08-25 | ദേശീയ കായിക ദിനം. | > വിവിധ കായിക ഇനങ്ങളുടെ പരിശീലന ആരംഭം.<br>> വിവിധ ഇനങ്ങൾ മത്സരങ്ങൾ. | സ്പോർട്സ് ക്ലബ്ബ്. |
| | ഓണാഘോഷം. | > അത്തപ്പൂക്കള മത്സരം<br>> മഹാബലി മത്സരം<br>> വടം വലി.<br>> ഓണ സദ്യ.<br>> മറ്റ് കലാപരിപാടികൾ. | വിവിധ ക്ലബ്ബുകൾ. |

Sep

| | | | | |
|---|---|---|---|---|
| | 24-09-25 | സ്കൂൾ തല ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.ടി. മേളകൾ. | | |
| | 25-09-25 | ശാസ്ത്ര സാമൂഹ്യശാസ്ത്ര ഗണിത Talent Search Exam ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ. | | |
| | 27-09-25 | ലോക വിനോദസഞ്ചാര ദിനം | ➢ presentation<br>➢ സഞ്ചാരം - പ്രവർത്തനം. | നേച്ചർ ക്ലബ്ബ്. |
| | 30-09-25 | Subject Council<br>SRG Meeting. | | |

| | | | |
|---|---|---|---|
| 2.10.25 | ഗാന്ധിജയന്തി | → സേവനദിനം<br>→ ഗാന്ധി അനുസ്മരണം<br>→ വിവിധ പരിപാടികൾ | സോഷ്യൽ സയൻസ് ക്ലബ് |
| 08.10.25 | SRG യോഗം | | |
| 09.10.25 | ലോകതപാൽദിനം | → പോസ്റ്റ് ഓഫീസ് സന്ദർശനം<br>→ ഇൻലൻഡ് കാർഡ് പരിചയപ്പെടുത്തൽ<br>→ കത്തെഴുത്ത് | സോഷ്യൽ സയൻസ് ക്ലബ് |
| 10.10.25 | ലോകമാനസികാരോഗ്യ ദിനം | ബോധവൽക്കരണ ക്ലാസ് | ഹെൽത്ത് ക്ലബ് |
| 15.10.25 | ലോകവിദ്യാർത്ഥിദിനം | → APJ അനുസ്മരണം<br>→ ഡോക്യുമെന്ററി പ്രദർശനം | സയൻസ് ക്ലബ് |
| 16.10.25 | ലോകഭക്ഷ്യദിനം | → ഭക്ഷ്യമേള<br>→ ആഹാരവും ആരോഗ്യവും - സെമിനാർ | ഹെൽത്ത് ക്ലബ്. |

| | | | |
|---|---|---|---|
| 01.11.25 (3.11.25) | കേരളപ്പിറവി | → റാലി<br>→ കേരളഗാനം മത്സരം<br>→ പ്രച്ഛന്നവേഷം | വിദ്യാരംഗം - ഭാഷാക്ലബ് |
| 07.11.25 | സി.വി.രാമൻ ദിനം | → ഉപന്യാസ മത്സരം | ശാസ്ത്രക്ലബ് |
| 11.11.25 | ദേശീയ വിദ്യാഭ്യാസ ദിനം | വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം - സെമിനാർ | സോഷ്യൽ സയൻസ് ക്ലബ് |
| 12.11.25 | SRG യോഗം | | |
| 14.11.25 | ശിശുദിനം | → റാലി<br>→ പ്രച്ഛന്നവേഷ മത്സരം<br>→ documentary പ്രദർശനം | സോഷ്യൽസയൻസ് ക്ലബ് |
| 26.11.25 | ഭരണഘടനാദിനം | → ബോധവൽക്കരണ ക്ലബ് | സോഷ്യൽസയൻസ് ക്ലബ് |
| 28.11.25 | SRG യോഗം | | |